ഉത്തരം

(എ) ആകെ 2,44,537 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 211087 പരാതികൾ.

(സി) ബാക്കിയുള്ള പരാതികളിന്മേൽ നിയമാനുസരണമായ നടപടികൾ പൂർത്തിയാക്കി ഉടൻ തീർപ്പുകല്പിക്കുന്നതാണ്.

നിർദ്ധനരായ കാൻസർ രോഗികൾക്ക് പെൻഷൻ

92 (274) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ കാൻസർ രോഗികൾക്ക് സർക്കാർ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് പെൻഷൻ നൽകുന്നത് ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു ;

(സി) പെൻഷനുവേണ്ടി അപേക്ഷിച്ച എത്ര അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കുവാൻ ബാക്കിയുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

(എ) നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായമായി പ്രതിമാസം 200 രൂപ നൽകുന്ന ക്ഷേമ പദ്ധതി ലാന്റ് റവന്യൂ കമ്മീഷണർ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) കാൻസർ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സംസ്ഥാനത്ത് 7786 ഗുണഭോക്താക്കൾക്ക് ഇപ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) കാൻസർ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പുകല്പിക്കുവാൻ ബാക്കിയുള്ളവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്

93 (275) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളത് ;

(ബി) ഇത്തരത്തിൽ സംസ്ഥാനതല സീനിയോറിറ്റിയിലുള്ള തസ്തികകളിൽ ജില്ലാന്തര മാറ്റത്തിന് ഏത് മാനദണ്ഡമാണ് പാലിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന് എത്രയെല്ലാം ഉത്തരവുകളനുസരിച്ചാണ് അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ, അഡീഷണൽ വില്ലേജ് അസിസ്റ്റന്റ്/അഡീഷണൽ വില്ലേജ് ഓഫീസർ/എൽ.ഡി.സി./വില്ലേജ് അസിസ്റ്റന്റ്, യു.ഡി.സി./സ്പെഷ്യൽ വില്ലേജ് ഓഫീസർ, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ/വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്/തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിലാണ് സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുള്ളത്.

(ബി&സി) ലാന്റ് റവന്യൂ വകുപ്പിൽ എൽ.ഡി. കേഡറിൽ ജില്ലാന്തര മാറ്റത്തിന് 2-1-1961-ലെ ജി.ഒ.(എംഎസ്.) 4 നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡമാണ് പാലിക്കുന്നത്. കൂടാതെ ജി.ഒ.(പി)12/04/പി.ആന്റ്.എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരവും സ്ഥലം മാറ്റം നൽകുന്നു.

(ഡി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ താൽക്കാലിക/കോൺട്രാക്ട്/ദിവസക്കൂലി ജീവനക്കാരുടെ നിയമനം

94 (280) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ താൽക്കാലിക കോൺട്രാക്ട്/ദിവസക്കൂലി ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതു വിഭാഗത്തിലുള്ള എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഭവനനിർമ്മാണ ബോർഡിൽ ഡ്രൈവർ തസ്തികയിൽ എത്രപേർ താൽക്കാലികമായി ജോലി ചെയ്യുന്നുവെന്നും അവരിൽ എത്ര പേരെ സ്ഥിരപ്പെടുത്തി എന്നും വ്യക്തമാക്കുമോ;

(ഇ) സ്ഥിരപ്പെടുത്തിയവരുടെ സേവനദൈർഘ്യം എത്ര വർഷമാണെന്നും ഇപ്പോൾ ജോലി ചെയ്യുന്ന മറ്റു ഡ്രൈവർമാരുടെ സേവന ദൈർഘ്യം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) സ്ഥിരപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു;

(ജി) ഇതുസംബന്ധിച്ച് പി.എസ്.സി.-യിൽ നിന്നോ ധനകാര്യ വകുപ്പിൽ നിന്നോ അനുമതി ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly